ഉത്തരം

(എ) കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിനുവേണ്ടി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ബാരക്കും പണിയുന്നതിനായി യഥാക്രമം MoPF 2000-01-ലും 2001-02-ലും ഉൾപ്പെടുത്തി 155 ലക്ഷം രൂപ (77.50 ലക്ഷം വീതം) അനുവദിച്ചിട്ടുണ്ട്. 15-8-2007-ന് പണി ആരംഭിച്ചു. പണി തുടങ്ങിയപ്പോൾ ചില മാറ്റങ്ങൾ വരുത്തേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് 16,58,000 രൂപയായി പുതുക്കി നിശ്ചയിച്ചു.

(ബി) മൂന്ന് നിലകളുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ കോൺക്രീറ്റ് സ്ട്രക്ച്ചർ പൂർത്തിയായി. ഇതിനായി 64,75,961 രൂപ ചെലവായി. രണ്ട് നിലകളുള്ള ബാരക്കിന്റെ ഫൗണ്ടേഷനും ബേസ്മെന്റും പൂർത്തിയായിട്ടുണ്ട്. ഇതിലേയ്ക്ക് 17,69,915 രൂപ ചെലവായിട്ടുണ്ട്. കൂടാതെ ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കുന്നതിനായി 72,937 രൂപ KSEB-ക്ക് നൽകിയിട്ടുണ്ട്. ആകെ ചെലവായ തുക 83,18,813 രൂപയാണ്.

(സി) 2009 ഡിസംബർ മാസത്തോടുകൂടി പണി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. കരാറുകാരൻ സാധന സാമഗ്രികളുടെ വിലക്കയറ്റം, കൂലി വർദ്ധന എന്നിവ കാരണം പണി തുടർന്നുകൊണ്ടുപോകാൻ താൽപര്യം കാണിക്കാതെ വന്നു. ആയതിനാൽ 30-6-2010-ലെ ഓർഡർ പ്രകാരം കരാറുകാരനെ പണി ചെയ്യുന്നതിൽനിന്നും ഒഴിവാക്കുകയും ബാക്കി ചെയ്യേണ്ട പണികൾ ടി കരാറുകാരന്റെ ബാദ്ധ്യതയിൽ നടപ്പിലാക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. ഈ അവസരത്തിൽ കരാറുകാരൻ പണി തുടങ്ങാൻ സമ്മതമാണെന്ന് അറിയിച്ചു. ആയതിനാൽ ബാക്കിയുള്ള പണികൾക്കായി ടെണ്ടർ വിളിക്കുന്നത് തൽക്കാലം നിർത്തിവച്ചിട്ടുണ്ട്. ടി കരാറുകാരൻ പണി തൃപ്തികരമാവുംവിധം തുടരുകയാണെങ്കിൽ 2011 ജൂൺ മാസം അവസാനത്തോടുകൂടി പണി പൂർത്തിയാക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

സിഗ്നൽ ലൈറ്റുകൾ പ്രവർത്തിക്കാത്തതു കാരണം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ

88(380) ശ്രീ. എം. കെ. പ്രേമനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടകര നാഷണൽ ഹൈവേ ബൈപ്പാസിൽ അടയ്ക്കാതെരുവ്, പുഞ്ചിരിമിൽ, കൈനാട്ടി, നാരായണനഗരം ജംഗ്ഷൻ എന്നിവിടങ്ങളിലെ ട്രാഫിക് ലൈറ്റുകൾ പലപ്പോഴും പ്രവർത്തിക്കാത്തതിനാൽ ട്രാഫിക് പോലീസിനും ട്രാഫിക് ഡ്യൂട്ടിക്ക് നിൽക്കുന്ന ഹോംഗാർഡിനും പൊതുജനങ്ങൾക്കും വാഹനം ഓടിക്കുന്നവർക്കും ഉണ്ടാവുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുന്നതിന് വടകര മുനിസിപ്പാലിറ്റി ഓഫീസ്, ചോറോട് പഞ്ചായത്താഫീസ്, നാഷണൽ ഹൈവേ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് എന്നിവിടങ്ങളിൽ വിവരം രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. കൂടാതെ 4-9-2010, 14-10-2010 തീയതികളിൽ തിരുവനന്തപുരത്തെ കെൽട്രോൺ ജനറൽ മാനേജർക്ക് ട്രാഫിക്ക് സിഗ്നൽ ലൈറ്റ് പ്രവർത്തനരഹിതമാണെന്നും ആയത് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി കോഴിക്കോട് റൂറൽ ജില്ലാ പോലീസ് സൂപ്രണ്ട് ഫാക്സ് സന്ദേശവും അയച്ചിട്ടുള്ളതാണ്.

സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതി

89(381) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശവും ലക്ഷ്യങ്ങളും വിശദീകരിക്കുമോ;

(ബി) പേരാവൂർ നിയോജക മണ്ഡലത്തിലെ സ്കൂളിനെ സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

(1) നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.

(2) വിദ്യാർത്ഥികളിൽ പൗരബോധം, സമത്വബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണ പാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.

(3) വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവിസ്നേഹവും വളർത്തുക

(4) സാമൂഹ്യ തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിമരുന്ന് തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly